പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2413 19.07.2016-ൽ മറുപടിക്ക്

## കെ എസ് ആർ ടി സി ഇന്റർസ്റ്റേറ്റ് ബസ്സുകളുടെ നവീകരണം

**ചോദ്യം**

ശ്രീ. വി.റ്റി. ബൽറാം
,, വി.എസ്.ശിവകുമാർ
,, അനിൽ അക്കര
,, കെ.സി.ജോസഫ്

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ എസ് ആർ ടി സിയുടെ ഇന്റർ സ്റ്റേറ്റ് ബസ്സുകളുടെ നവീകരണത്തിനും ആധുനികവത്കരണത്തിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പാക്കിയത്; വിശദീകരിക്കുമോ; | (എ) യും | അന്തർ സംസ്ഥാന സർവ്വീസുകളിൽ കൂടുതൽ യാത്രക്കാരെ ആകർഷിക്കുക എന്നത് ലക്ഷ്യമിട്ട് ഓൺലൈൻ റിസർവേഷൻ സംവിധാനം നവീകരിക്കുകയും കൂടുതൽ സർവ്വീസുകളിലേക്ക് വ്യാപിപ്പിക്കുകയുമുണ്ടായിട്ടുണ്ട്. മത്സരാധിഷ്ഠിതമായ അന്തർ സംസ്ഥാന സർവ്വീസ് മേഖലയിൽ കൂടുതൽ യാത്രക്കാരെ ആകർഷിച്ച് വരുമാനം വർദ്ധിപ്പിക്കുക എന്നത് ലക്ഷ്യമിട്ട് ഫ്ളെക്സി ചാർജ്ജ് സംവിധാനം ഇതിനകം നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. ഇതുമൂലം തിരക്കില്ലാത്ത ദിവസങ്ങളിൽ യാത്രക്കാർ നിലവിലുള്ള നിരക്കിന്റെ 15 ശതമാനം തുക കുറച്ച് നൽകിയാൽ മതിയാകുന്നതാണ്. ഈ സംവിധാനം നടപ്പിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. യുടെ അന്തർ സംസ്ഥാന സർവ്വീസുകളിലെ യാത്രക്കാരുടെ എണ്ണത്തിലും, ഓൺലൈൻ ടിക്കറ്റ് വിൽപ്പനയിലൂടെയുള്ള വരുമാനത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അന്തർ സംസ്ഥാന സർവ്വീസുകളുടെ വിപുലീകരണം ലക്ഷ്യമിട്ട് എറണാകുളത്ത് നിന്നും പുതുച്ചേരിയിലേക്കും, തിരുപ്പതിയിലേക്കും, കോഴിക്കോട് നിന്നും കാസർഗോഡ്-മംഗലാപുരം-ഉഡുപ്പി-ഗോവ-കാർവാർ-പൂനെ വഴി മുംബൈക്കും, പുറമെ എറണാകുളത്ത് |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) യും | |
| (സി) | ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ? | (സി) യും | |

| | | | |
|---|---|---|---|
| | | | നിന്നം ചെന്നൈയ്ക്കും മൾട്ടി ആക്സിൽ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുവാനുള്ള ശ്രമത്തിലാണ്. കെ.എസ്.ആർ.ടി.സി.യുടെ അന്തർ സംസ്ഥാന സർവ്വീസുകൾക്ക് ഉപയോഗിച്ചിരുന്ന പഴയ ഡീലക്സ്, എക്സ്പ്രസ് ബസ്സുകൾ മാറ്റി 10 വോൾവോ, 18 സ്കാനിയ എന്നിവ ഇതിനകം നിരത്തിലിറക്കി കഴിഞ്ഞിട്ടുണ്ട്. 2014 മുതൽ 10 വോൾവോ മൾട്ടി ആക്സിൽ പ്രീമിയം എ.സി ബസുകൾ ബാംഗ്ലൂർ നഗരത്തിലേക്ക് സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ 2016-ൽ 18 സ്കാനിയ മൾട്ടി ആക്സിൽ പ്രീമീയം എ.സി ബസുകളും നിരത്തിലിറക്കി. ഇവയിൽ 16 ബസുകളും ബാംഗ്ലൂർ, മൈസൂർ, മംഗലാപുരം, മണിപ്പാൽ, മൂകാംബിക, കോയമ്പത്തൂർ തുടങ്ങിയ ഇന്റർസ്റ്റേറ്റ് സർവ്വീസുകൾക്കാണ് ഉപയോഗിക്കുന്നത്. കൂടാതെ മേൽപ്പറഞ്ഞ മൾട്ടി ആക്സിൽ പ്രീമിയം എ.സി ബസുകളിൽ യാത്രക്കാർക്ക് കുടിവെള്ളം, പുതപ്പ് മുതലായവ നല്കിവരുന്നു. ഇന്റർസ്റ്റേറ്റ് സർവ്വീസ് നടത്തുന്ന 84 ഓർഡിനറി ബസുകൾ 7 വർഷത്തിനുമേൽ പഴക്കം ചെന്നവയാകയാൽ ആ സ്ഥാനത്ത് പകരം പുതിയ ബസുകൾ ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച നടപടികളിലൂടെ അന്തർ സംസ്ഥാന സർവ്വീസുകളിൽ വരും ദിവസങ്ങളിൽ കെ.എസ്.ആർ.ടി.സി.യുടെ വരുമാനം കാര്യമായ രീതിയിൽ മെച്ചപ്പെടുമെന്നും അതോടൊപ്പം മികച്ച സേവനം യാത്രക്കാർക്ക് നൽകുവാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ